**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3805** **06-08-2021 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. പി. നന്ദകുമാർ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അഴിമതി മുക്തമാക്കുന്നതിനുമായി നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്. ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങൾ അഴിമതി മുക്തമാക്കുന്നതിന്റെ ഭാഗമായി പാരമ്പര്യ തസ്തികകൾ ഒഴികെയുള്ള എല്ലാ തസ്തികകളിലും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് വഴി നിയമനങ്ങൾ നടത്തുവാനാരംഭിച്ചു. കൂടാതെ ശാന്തി നിയമനങ്ങളിൽ തുല്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളിലെ ക്ഷേത്രങ്ങളിൽ അബ്രാഹ്മണരെ ശാന്തിമാരായി നിയമിച്ചിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്, നിലവിലുള്ള മലബാർ ദേവസ്വം ബോർഡ് നിയമത്തിൽ സമഗ്രമായ പരിഷ്കരണം നടത്തുന്നതിന് ഉതകുന്ന റിപ്പോർട്ട് സമർപ്പിക്കുന്നതിന് മൂന്നംഗ കമ്മിറ്റിയെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമിക്കുകയും, പ്രസ്തുത കമ്മിറ്റി സർക്കാർ മുൻപാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ജസ്റ്റിസ്.കെ.ടി.തോമസ് അദ്ധ്യക്ഷനായ കേരളാ ലാ റീഫോംസ് കമ്മീഷൻ മലബാർ ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ടിന്റെ കരട് തയ്യാറാക്കി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ദേവസ്വം ബോർഡുകളിൽ ഓൺലൈൻ സാവിധാനം ആരംഭിച്ചു. ഓഫീസ്, ക്ഷേത്രം, ഇതര സ്ഥാപനങ്ങൾ എന്നിവ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. |
| (ബി) | പ്രസ്തുത കാലയളവിൽ ഓരോ ദേവസ്വം ബോർഡിന്റെയും വിവിധ ആവശ്യങ്ങൾക്കായി നൽകിയ സാമ്പത്തിക സഹായത്തിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | അതത് ദേവസ്വം ബോർഡുകളുടെ കീഴിൽ വരുന്ന | (സി) | ഉണ്ട്. വഴിപാടുകൾ ഓൺലൈൻ |

| | | | |
|---|---|---|---|
| | ക്ഷേത്രങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന പദ്ധതികൾ സംബന്ധിച്ച ചർച്ചകൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | മുഖേനയാക്കുന്നതിനും കൂടാതെ ക്ഷേത്രങ്ങളിലെ വഴിപാടിതര വരുമാനങ്ങൾക്ക് മറ്റ് സ്രോതസ്സുകൾ കണ്ടെത്തുന്നതിനും 13/07/2021ന് ബഹു. ദേവസ്വം മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന ദേവസ്വം ബോർഡുകളുടെ സംയുക്ത യോഗത്തിൽ തീരുമാനമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## ദേവസ്വം ബോർഡുകൾക്കും ക്ഷേത്രങ്ങൾക്കും മുൻ സർക്കാർ അനുവദിച്ച തുക (2016-17 മുതൽ 2020 മാർച്ച് 31 വരെ)

| ക്രമ നം. | ഇനം | ബഡ്ജറ്റിൽ വകയിരുത്തിയ തുക(രൂപ) | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം | 5,00,00,000 | 3,20,40,000 |
| 2 | മലബാർ ദേവസ്വം ബോർഡിലെ ഹിന്ദുമത ധർമ്മ സ്ഥാപന(ഭരണ) വകുപ്പ് ജീവനക്കാരുടെ ശംബളം | 12,46,65,000 | 7,94,77,371 |
| 3 | മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളവും ശമ്പളേതര ചെലവുകൾ | 1,83,04,49,000 | 1,48,31,06,740 |
| 4 | മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ആചാര്യ സ്ഥാനികർക്കും കോലധാരികൾക്കു ഉള്ള മാസ അലവൻസ് | 6,00,00,000 | 8,39,32,000 (Addl. Authorization Rs. 2,39,32,000/-) |
| 5 | മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി | 20,00,000 | 70,00,000 സാംസ്കാരിക വകുപ്പ് നൽകിയ 50 ലക്ഷം രൂപ ഉൾപ്പെടെ |
| 6 | ദേവസ്വം ഫണ്ട് ശ്രീ പണ്ഡാര വക ഫണ്ട് (ശ്രീ പദ്മനാഭ സ്വാമി ക്ഷേത്രം - 20 ലക്ഷം രൂപ തിരുവിതാംകൂർ ദേവസ്വം - 80 ലക്ഷം രൂപ പ്രതിവർഷം) | 5,00,00,000 | 4,20,00,000 |
| 7 | ശ്രീ പദ്മനാഭ സ്വാമി ക്ഷേത്രം വിദഗ്ദ സമിതി | 30,00,000 | 20,00,000 |
| 8 | ശ്രീ പദ്മനാഭ സ്വാമി ക്ഷേത്രം പുരാവസ്തുക്കളുടേയും ശില്പങ്ങളുടേയും ഡിജിറ്റൽ ആർകൈവിംഗ്. | 1,00,05,000 | 18,00,000 |

| | | | |
|---|---|---|---|
| 9 | ശബരിമല മാസ്റ്റർപ്ലാൻ പദ്ധതിയ്ക്കുള്ള ധനസഹായം | 1,38,90,00,000 | 62,73,67,719 |
| | TOTAL | 3,51,91,19,000 | 2,35,87,23,830 |

**പ്രളയ /കോവിഡ് കോവിഡ് ധനസഹായം**

തിരുവിതാംകൂർ ദേവസ്വം – 120 കോടി

കൊച്ചിൻ ദേവസ്വം – 25 കോടി

മലബാർ ദേവസ്വം – 20 കോടി

കൂടൽമാണിക്യം ദേവസ്വം – 15 ലക്ഷം ( 1,65,15,00,000)

Total = **4,01,02,23,830/- ( 2,35,87,23,830 + 1,65,15,00,000)**

**ആകെ (നാന്നൂറ്റി ഒന്ന് കോടി രണ്ട് ലക്ഷത്തി ഇരുപത്തിമൂവ്വായിരത്തി എണ്ണൂറ്റി മുപ്പത് രൂപ മാത്രം)**

**സെക്ഷൻ ഓഫീസർ**